പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3430 — 14.07.2015 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുക, അവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുക എന്നതാണ് സ്വയംതൊഴിൽ പരിശീലനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം. മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ സമൂഹത്തെ കാർന്നു തിന്നുന്ന വിപത്തുകളെ കുറിച്ച് യുവാക്കളെ ബോധവാൻമാരാക്കുക എന്നതാണ് ബോധവൽക്കരണ ക്യാമ്പയിനുകളുടെ ഉദ്ദേശലക്ഷ്യം. |
| സി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ച തെന്ന് വിശദമാക്കാമോ ; | സി) സ്വയം തൊഴിൽ പരിശീലനവുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്ത് നിന്നും അനുയോജ്യമായ സ്വയംതൊഴിൽ പരിശീലനം സംഘടിപ്പിക്കുവാൻ താൽപ്പര്യമുള്ള യുവജന ക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്റ്റ് പരിശോധിച്ച് ഉചിതമായ ധനസഹായം നൽകി വരുന്നു. കൂടാതെ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ , അഹമ്മദാബാദ് എന്ന സ്ഥാപനവുമായി സഹകരിച്ച് ജില്ലകൾ തോറും വ്യവസായ സംരംഭകത്വ പരിശീലനം നടത്തി വരുന്നു. |

ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലും തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും സംരംഭകത്വ പരിശീലനം നടത്തി വരുന്നു. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങി സമൂഹത്തെ കാർന്നു തിന്നുന്ന വിപത്തുകളെക്കുറിച്ച് ബോധവാൻമാരാക്കാൻ 2013-14 സാമ്പത്തിക വർഷം കലാജാഥ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ 14 ജില്ലകളിലും മിസ് ഫിറ്റ് എന്ന സിനിമയും പ്രദർശിപ്പിച്ചു.

ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഡി) സ്വയം തൊഴിൽ പരിശീലനം അഹമ്മദാബാദിലെ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെയും ബോധവൽക്കരണ പരിപാടികൾ സംസ്ഥാന എക്സൈസ് വകുപ്പ്, എൻ.എസ്.എസ്, വിവിധ ക്ലബ്ബുകൾ. യൂത്ത് കമ്മീഷൻ എന്നിവയുടെ സഹകരണത്തോടുകൂടിയാണ് സംഘടിപ്പിച്ചത്.

യുവ സംരംഭകത്വ പരിശീലന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. ബോധവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന എക്സൈസ് വകുപ്പിന്റെയും, എൻ.എസ്.എസ് ന്റെയും സഹകരണത്തോടെ 84 ലക്ഷം രൂപ ചെലവിൽ ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ 2014 ജനുവരി 3 മുതൽ ഫെബ്രുവരി 11 വരെ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ യൂത്ത് കമ്മീഷനുമായി ചേർന്ന് 14 ജില്ലകളിലും സേഫ് ക്യാമ്പസ് ക്ലീൻ ക്യാമ്പസ് എന്ന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ